പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6419 08.07.2014-ൽ മറുപടിക്ക്

## സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ വാങ്ങിയതിന്റെ വിശദാംശങ്ങൾ

ചോദ്യം

ശ്രീമതി. ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
" ജോസ് തെറ്റയിൽ :
" സി. കെ. നാണു :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. എന്നുമുതലാണ് സ്വകാര്യ പമ്പുകളിൽ നിന്ന് ഡീസൽ വാങ്ങി തുടങ്ങിയത്; | (എ) | 24.09.2013 മുതലാണ് കെ.എസ്.ആർ.ടി.സി സ്വകാര്യ പമ്പുകളിൽ നിന്ന് ഡീസൽ വാങ്ങി തുടങ്ങിയത്. |
| (ബി) | സ്വകാര്യ പമ്പുകളിൽ നിന്ന് ഡീസൽ അടിക്കുന്നതിന്റെ കോട്ടങ്ങളും ഗുണങ്ങളും വിലയിരുത്തിയിട്ടുണ്ടോ ; അവ എന്തൊക്കെയെന്ന് വിശദമാക്കുമോ ; | (ബി) | 1. ചില ഡിപ്പോകളിൽ സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ നിറയ്ക്കുന്നതിനു മാത്രമായി ബസുകൾ ഓടിക്കേണ്ടി വരുന്നു. ഇതിനായുള്ള ഇന്ധന നഷ്ടം പ്രധാനപ്പെട്ട ന്യൂനതയാണ്.<br>2. സ്വകാര്യ / സിവിൽ സപ്ലൈസ് റീട്ടെയിൽ പമ്പുകളിൽ, കെ.എസ്.ആർ.ടി.സി ബസുകൾ തുടർച്ചയായി കയറുമ്പോൾ ആ പമ്പുകൾ ഉപയോഗിക്കുന്ന മറ്റ് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്.<br>3. മേൽപ്പറഞ്ഞ പമ്പുകൾ മുമ്പിൽ ഉണ്ടാകുന്ന റോഡ് ബ്ലോക്കുകൾ എന്നിവയാണ് പ്രധാന കോട്ടങ്ങൾ.<br>ബൾക്ക് കൺസ്യൂമർ എന്ന നിലയിൽ കെ.എസ്.ആർ.ടി.സി നേരിട്ട് ഡീസൽ വാങ്ങുമ്പോഴുള്ള വിലയുമായി താരതമ്യം ചെയ്യുമ്പോൾ സ്വകാര്യ / സപ്ലൈകോ പമ്പുകൾ മുഖേന ലഭ്യമാകുന്ന ഡീസലിന്റെ വിലക്കുറവ് ആണ് പ്രധാന നേട്ടം. |

| | | | |
|---|---|---|---|
| (സി) | സബ്സിഡി ഇല്ലാത്ത വിലയ്ക്ക് കെ.എസ്.ആർ.ടി.സി. എത്രനാൾ ഡീസൽ വാങ്ങിയെന്നും അതിന് എത്ര രൂപ ചെലവായിട്ടുണ്ടെന്നും അറിയിക്കുമോ ; | (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി 18.01.2013 മുതൽ 21.03.2013 വരെയും 18.09.2013 മുതൽ 26.09.2013 വരെയുമാണ് സബ്സിഡി ഇല്ലാത്ത വിലയ്ക്ക് ഡീസൽ വാങ്ങിയത്. ഇതിനായി 168 കോടി രൂപ ചെലവായിട്ടുണ്ട്.<br>18.01.2013-ലെ സബ്സിഡി ഒഴിവാക്കിയുള്ള വർദ്ധനവിന്റെ അടിസ്ഥാനത്തിൽ 31 കോടി രൂപയുടെ അധിക ചെലവ് കെ.എസ് ആർ.ടി.സിക്ക് ഉണ്ടായിട്ടുണ്ട്. |
| (ഡി) | കുറഞ്ഞ വിലയ്ക്ക് ഡീസൽ ലഭ്യമായിട്ടും കൂടിയ വിലയ്ക്ക് വാങ്ങിയതിന്റെ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയാണ്; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ